**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1030

12.12.2012 ൽ മറുപടിക്ക്

**<u>അഡ്വഞ്ചർ ടൂറിസം പദ്ധതി</u>**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. കെ.ശിവദാസൻ നായർ | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) അഡ്വഞ്ചർ ടൂറിസം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | എ) സാഹസിക വിനോദ സഞ്ചാര ഉപാധികൾ കണ്ടെത്തി അവയുടെ പുരോഗതിക്കും വിപണനത്തിനുമാവശ്യമായ തന്ത്രങ്ങൾ ആവിഷ്കരിക്കുകയും അവയെ പ്രായോഗിക തലത്തിൽ എത്തിക്കുകയും ചെയ്യുന്നതോടൊപ്പം സാഹസിക വിനോദസഞ്ചാര വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യ വികസനവും സംരക്ഷണവും ലക്ഷ്യം വച്ച് പ്രസ്തുത പ്രവർത്തനങ്ങളുടെ പ്രചാരണത്തിനാവശ്യമായ പരസ്യങ്ങൾ നൽകി സാഹസിക വിനോദസഞ്ചാര മേഖലയുടെ വിപുലീകരണവുമാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ |
| ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് ഏതെല്ലാം ഏജൻസികളെയാണ് സഹകരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | ബി) പൊതു-സ്വകാര്യ മേഖലകളിലെ വിവിധ ഏജൻസികളെ ഏകോപിപ്പിച്ചും സഹകരിപ്പിച്ചും പദ്ധതി നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് |
| സി) ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളാണ് ഇതിനുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത്: | സി) പദ്ധതി സംബന്ധിച്ച് വിശദമായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിനുശേഷം മാത്രമേ ഏതൊക്കെ പ്രദേശങ്ങളെയാണ് ഇതിനുവേണ്ടി തെരഞ്ഞെടുക്കേണ്ടതെന്ന് തീരുമാനിക്കാൻ കഴിയുകയുള്ളൂ |
| ഡി) പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | ഡി) രൂപരേഖ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ